പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3523 14-10-2011-ൽ മറുപടിക്ക്

## നഗരങ്ങളിലെ പാർക്കിംഗ് പ്രശ്നം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജി.സുധാകരൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ബാബു എം.പാലിശ്ശേരി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ ചെറുതും വലുതുമായ എല്ലാ നഗരങ്ങളിലും പാർക്കിംഗ് പ്രശ്നം വളരെ രൂക്ഷമായിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ നഗരങ്ങളിൽ പാർക്കിംഗിന് വേണ്ടത്ര സ്ഥലസൗകര്യം ലഭ്യമല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | റോഡുകളിലെ അനധികൃത പാർക്കിംഗ് തടയാതിരിക്കുന്നത് എന്തുകൊണ്ടാണ്; | (ബി) | റോഡുകളിലെ അനധികൃത പാർക്കിംഗ് തടയുന്നതിനായി സ്ഥിരം സംവിധാനം ഇല്ലാത്തതുകൊണ്ട് ട്രാഫിക്ക് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാന പ്രകാരം അനധികൃത പാർക്കിംഗ് തടയുന്നതിനായി പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കെട്ടിടങ്ങളിലെ പാർക്കിംഗ് സ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | നഗരങ്ങളിൽ കെട്ടിട നിർമ്മാണം കൂടുതൽ ഫലപ്രദമായ വ്യവസ്ഥകളിലൂടെ ഇനിയും നിയന്ത്രിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | നഗരങ്ങളിൽ കെട്ടിട നിർമ്മാണം ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കൂടുതൽ നിയന്ത്രണങ്ങളോ മാറ്റങ്ങളോ ആവശ്യമായി വരുന്ന മുറയ്ക്ക് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതാണ്. |

സെക്ഷൻ ആഫീസർ